**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3380** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കി ക്ലാസ്സിഫിക്കേഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കുടുംബങ്ങളെ കോർത്തിണക്കിക്കൊണ്ട് ആരംഭിക്കാവുന്ന ഒരു സംരംഭമായാണ് ഹോംസ്റ്റേ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് . അതുവഴി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ തനതായ സംസ്കാരം മനസിലാക്കുവാനും തദ്ദേശ വാസികളുടെ സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും സാധ്യമാണ് . കേരളത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് തങ്ങളുടെ വീട്ടുകളിൽ കുറഞ്ഞത് ഒരു മുറി മുതൽ ആറു മുറിവരെ വിനോദസഞ്ചാരികൾക്ക് ഹോംസ്റ്റേ ആയി നൽകാവുന്നതാണ് .<br><br>നിലവിൽ വിനോദസഞ്ചാര വകുപ്പ് താഴെപ്പറയുന്ന മൂന്ന് വിഭാഗത്തിലാണ് ഹോംസ്റ്റേകൾക്ക് അംഗീകാരം നൽകുന്നത്.<br><br>• .ഡയമണ്ട് വിഭാഗം<br>• ഗോൾഡ് വിഭാഗം<br>• സിൽവർ വിഭാഗം<br><br>മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ അംഗീകാരം നൽകുന്നതിനായി സർക്കാർ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ആയത് വിലയിരുത്തി അംഗീകാരം നൽകാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് .<br><br>വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകുന്ന ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നുണ്ട് . |
| (ബി) | ഹോംസ്റ്റേകൾ രജിസ്റ്റർ ചെയ്യുന്നതിനും ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് ഹോംസ്റ്റേ നടത്തുന്നതിന് നിലവിൽ ലളിതമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് സിൽവർ, ഗോൾഡ് , ഡയമണ്ട് കാറ്റഗറിയിൽ ഹോംസ്റ്റേകൾക്ക് ക്ലാസ്സിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | നൽകുന്നത് . ഏറ്റവും മികച്ച ഹോംസ്റ്റേകൾക്ക് ഡയമണ്ട് ക്ലാസ്സിഫിക്കേഷൻ നൽകുന്നു. സൗകര്യങ്ങൾ വിലയിരുത്തിയാണ് തരംതിരിക്കൽ. ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണം എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട് .<br><br>ക്ലാസ്സിഫിക്കേഷന് തദ്ദേശ സ്വയംഭരണ വകുപ്പ് നൽകുന്ന ഓണർഷിപ്പ് റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ, കരം അടച്ച രസീതുകൾ, വസ്തു കരം അടച്ച രസീത് , അതതുസ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് , ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ എന്നിവ ആവശ്യമുണ്ട് . |

സെക്ഷൻ ഓഫീസർ